LIBRARY ARCHIVES Kerala Legislative Assembly

കേരള ജല അതോറിറ്റി

കേരള ജലഅതോറിറ്റി നടപ്പിലാക്കിയ പദ്ധതികളുടെ വിവരങ്ങൾ അനുബന്ധം III ആയി ചേർത്തിരിക്കുന്നു.*

ജലനിധി

ജലനിധി ഒന്നാംഘട്ടത്തിൽ കോടോംബേളൂർ പഞ്ചായത്തിൽ 2604 പേർക്ക് കുടിവെള്ളം ലഭ്യമാകുന്ന 85 പദ്ധതികൾ പൂർത്തീകരിച്ച് 2006-07 കാലയളവിൽ ഗുണഭോക്തൃ സമിതികൾക്ക് കൈമാറുകയുണ്ടായി. രണ്ടാം ഘട്ടത്തിൽ രണ്ടാം ബാച്ചിൽ ബളാൽ പഞ്ചായത്തിൽ 27 കുടിവെള്ള പദ്ധതികൾക്കായി 7.30 കോടി രൂപയുടെ സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. പദ്ധതിക്കായി 3.68 കോടി രൂപ ഇതിനകം ചെലവഴിച്ചിട്ടുണ്ട്. ആ പദ്ധതികളിൽ 2 എണ്ണം കമ്മീഷൻ ചെയ്തിട്ടുണ്ട്. കൂടാതെ മൂന്നാം ബാച്ചിൽ കിനാനൂർ കരിന്തളം പഞ്ചായത്തിലെ കുടിവെള്ള പദ്ധതികൾ പ്രാരംഭ ഘട്ടത്തിലായതിനാൽ തുക കണക്കാക്കപ്പെട്ടിട്ടില്ല.

**കിടങ്ങറയിലെ പാലം പുനർനിർമ്മാണം**

**134 (4937)** ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എ.സി. കനാലിനുകുറുകെ കിടങ്ങറയിൽ ഉള്ള ഇടുങ്ങിയ പാലം പുനർനിർമ്മിക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ;

(ബി) മനക്കച്ചിറമുതൽ ഒന്നാംകരവരെയുള്ള കനാൽ നിർമ്മാണത്തിന് ഇതുവരെ എത്ര തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) എ.സി. കനാലിന് കുറുകെ കിടങ്ങറയിലുള്ള പാലത്തിന്റെ അപ്രോച്ച് റോഡിന്റെ ഡിസൈൻ ലഭിക്കാത്തതിനാലും നിർമ്മാണത്തിന് ആവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള താമസവും നേരിട്ടതിനാൽ 13-ാം ധനകാര്യ കമ്മീഷന്റെ പ്രവൃത്തികളിൽനിന്നും പ്രസ്തുത നിർമ്മാണം ഒഴിവാക്കിയിരുന്നു. എന്നാൽ 14-ാം ധനകാര്യ കമ്മീഷന്റെ പ്രവൃത്തിയിൽ ഉൾപ്പെടുത്തി നിർമ്മാണം നടത്തുന്നതിന് എ.സി. കനാലിന്റെ കുറുകെ മാമ്പുഴക്കരി ഭാഗത്ത് ചെയ്തിരിക്കുന്ന പാലത്തിന്റെ മാതൃകയിലും അതുപോലെ ക്ലിയറൻസ് ലഭിക്കുന്ന വിധത്തിലും 6x6 മീറ്റർ ബോക്സ് കൾവെർട്ടിന്റെ ഒരു കൂട്ടമായി ടി പാലം നിർമ്മാണം നടത്തുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി പരിശോധിച്ചുവരികയാണ്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) മനയ്ക്കൽ ചിറ മുതൽ ഒന്നാം കരവരെയുള്ള എ.സി. കനാൽ നിർമ്മാണത്തിന് നാളിയുവരെ 5,99,19,709 രൂപ ചെലവഴിച്ചിട്ടുണ്ട്.

**നിലയ്ക്കൽ വാട്ടർ സപ്ലൈ സ്കീമിന്റെ നിർമ്മാണം**

**135 (4938)** ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശബരിമല തീർത്ഥാടകർക്കുകൂടി പ്രയോജനംചെയ്യുന്ന നിലയ്ക്കൽ വാട്ടർ സപ്ലൈ പദ്ധതിയിൽ എന്തൊക്കെ പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിരിക്കുന്നത് ; പദ്ധതിയുടെ നിർമ്മാണം ആരംഭിച്ചത് എന്നാണ് ; വിശദമാക്കാമോ ;

(ബി) നിലയ്ക്കൽ കൂടാതെ ഏതൊക്കെ പ്രദേശത്താണ് പദ്ധതിയുടെ പ്രയോജനം ലഭിക്കുകയെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) ശബരിമല തീർത്ഥാടകർക്ക് കൂടി പ്രയോജനം ചെയ്യുന്ന നബാർഡിന്റെ ധനസഹായത്തോടെ ആവിഷ്കരിച്ചിരിക്കുന്ന സീതത്തോട്-നിലയ്ക്കൽ ശുദ്ധജല വിതരണ പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ഇൻ ടേക്ക് കിണർ, പമ്പ് ഹൗസ്, 13 ദശലക്ഷം ലിറ്റർ ശേഷിയുള്ള ജലശുദ്ധീകരണശാല എന്നീ ഘടകങ്ങളുടെ പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

പദ്ധതിയുടെ നിർമ്മാണം ആരംഭിച്ചിട്ടില്ല. പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് പ്രകാരം ജലശുദ്ധീകരണശാല പണിയാൻ ഉദ്ദേശിക്കുന്ന സ്ഥലം കെ.എസ്.ഇ.ബി.-യുടെ അധീനതയിലുള്ളതാണ്. എന്നാൽ കെ.എസ്.ഇ.ബി.-യുടെ പ്രോജക്ടിന് സുരക്ഷിതത്വ പ്രശ്നമുള്ളതുകൊണ്ട് ഈ സ്ഥലം വിട്ടുനൽകാൻ കഴിയില്ലെന്ന് അറിയിച്ചിട്ടുള്ളതാകുന്നു. ആയതിനാൽ അംഗീകരിച്ച പ്രോജക്ട് റിപ്പോർട്ടിൽനിന്നും വ്യത്യസ്തമായി ഇൻ ടേക്ക് കിണറിന് സമീപമുള്ള കെ.എസ്.ഇ.ബി.-യുടെ സ്ഥലത്ത് ജലശുദ്ധീകരണശാല പണിയാൻ പുതുതായി സ്ഥലം കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത സ്ഥലം കെ.എസ്.ഇ.ബി.യിൽ നിന്നും വാട്ടർ അതോറിറ്റിക്ക് കൈമാറുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) നിലയ്ക്കൽ കൂടാതെ സീതത്തോട് പഞ്ചായത്തും പ്ലാപ്പള്ളി ഏരിയയും പദ്ധതിയുടെ പ്രയോജനം ലഭിക്കുന്ന പ്രദേശങ്ങളാണ്.

LIBRARY ARCHIVES Kerala Legislative Assembly